# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.08.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓൺലൈനായി നിർവഹിക്കും.

   **Prime Minister Narendra Modi will inaugurate the third phase of construction of Arthunkal Fishing Port in Alappuzha in Kerala through online mode today.**

2. പ്രധാനമന്ത്രി ഇന്ന് മഹാരാഷ്ട്രയിൽ; മത്സ്യമേഖലയിൽ അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് തുടക്കമിടും.

   **Prime Minister Narendra Modi will visit Mumbai and Palghar in Maharashtra today; Lay foundation stone of 218 fisheries projects worth around one thousand 560 crores rupees.**

3. രാജ്യത്തിന്റെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി ഐ.എൻ.എസ് അരിഘാത് ഇന്ത്യൻ നാവികസേനയിലേക്ക് കമ്മീഷൻ ചെയ്തു.

   **India commissions its second nuclear-submarine INS Arighaat.**

4. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് തിരുവനന്തപുരത്ത്; സന്ദർശനത്തോട് അനുബന്ധിച്ച് നഗരത്തിൽ ഗതാഗതനിയന്ത്രണം.

**Defense Minister Rajnath Singh in Thiruvananthapuram; Traffic restrictions in the city in conjunction with the visit.**

5. **കേരളത്തിൽ മഴ തുടരുന്നു; കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; ഏഴ് ജില്ലയിൽ മഞ്ഞ ജാഗ്രത.**

   **Rains continue in Kerala; Orange alert today in Kozhikode, Wayanad, Kannur and Kasaragod districts; Yellow alert in seven districts.**

6. **പാരീസ് പാരാലിമ്പിക്സ് അമ്പെയ്ത്തിൽ ഇന്ത്യയുടെ ശീതൾ ദേവി- രാകേഷ് കുമാർ സഖ്യം ക്വാർട്ടറിൽ ഇടംനേടി.**

   **India's archery team of Sheetal Devi and Rakesh Kumar head into the quarterfinals in Paris Paralympics archery.**

&&&&&&&&&&&&&&&&&&

## ARTHUNKAL - PM

ആലപ്പുഴയിലെ അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിൻറെ മൂന്നാം ഘട്ട നിർമ്മാണോദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഓൺലൈനായി നിർവഹിക്കും. ചടങ്ങിൽ മന്ത്രി സജി ചെറിയാൻ അധ്യക്ഷനാകും. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് മുഖ്യ പ്രഭാഷണം നടത്തും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ, കെ.സി.വേണുഗോപാൽ എം.പി, മന്ത്രി പി. പ്രസാദ് തുടങ്ങിയവർ സംബന്ധിക്കും.

&&&&&&&&&&&&&&&&&&

## PM- MAHARASHTRA VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് മഹാരാഷ്ട്രയിലെ മുംബൈയിലും പാൽഘറിലും സന്ദർശനം നടത്തും. വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിക്കും.

**വിശദാംശങ്ങളിലേക്ക് ......**

(വോയ്സ്)

## PM- MAHARASHTRA VISIT (VOICE)

മുംബൈയിലെ ജിയോ വേൾഡ് കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഗ്ലോബൽ ഫിൻടെക് ഫെസ്റ്റിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഉച്ചയ്ക്ക് പാൽഘർ ജില്ലയിലെ സിഡ്കോ ഗ്രൗണ്ടിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും വധാവൻ തുറമുഖത്തിന്റെ തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഏകദേശം 76,000 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന വധാവൻ പോർട്ട്, ഇന്ത്യയിലെ ഏറ്റവും വലിയ ആഴക്കടൽ തുറമുഖങ്ങളിൽ ഒന്നായിരിക്കും. ഏകദേശം 1,560 കോടി രൂപയുടെ 218 ഫിഷറീസ് പദ്ധതികൾക്കും പ്രധാനമന്ത്രി ആരംഭം കുറിക്കും. മത്സ്യമേഖലയിൽ അഞ്ച് ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതികൾക്കാണ് ഇതോടെ തുടക്കമാവുക. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള ആശയവിനിമയ പിന്തുണാ സംവിധാനത്തിൻറെ ഉദ്ഘാടനവും ശ്രീ മോദി ഇന്ന് നിർവഹിക്കും. കടലിൽ അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും രക്ഷാപ്രവർത്തനത്തിനും സഹായിക്കുന്ന തദ്ദേശീയ സാങ്കേതികവിദ്യയാണിത്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## MOODYS RATING

ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചയിൽ മുന്നേറ്റമുണ്ടാകുമെന്ന് ന്യയോർക്ക് ആസ്ഥാനമായ ആഗോള സാമ്പത്തിക നിലവാര വിലയിരുത്തൽ ഏജൻസിയായ മൂഡീസ് റേറ്റിങ്സ്. 2024 സാമ്പത്തിക വർഷത്തിൽ 7.2 ശതമാനം വളർച്ച കൈവരിക്കാനാകുമെന്നാണ് പ്രവചനം. മുമ്പ് 6.8 ശതമാനം ആയിരുന്നു പ്രവചിച്ചിരുന്നത്. 2025 ലെ ജി.ഡി.പി വളർച്ച 6.4 ശതമാനത്തിൽ നിന്ന് 6.6 ശതമാനമായി ഉയരുമെന്നും

പ്രവചിക്കുന്നു. 2024 ന്റെ ആദ്യ പാദത്തിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പ്രതിവർഷം 7.8 ശതമാനം വളർച്ച കൈവരിച്ചതായി മൂഡീസ് ചൂണ്ടിക്കാട്ടി. വ്യാവസായിക, സേവന മേഖലകൾ അഭിവൃദ്ധി പ്രാപിക്കുന്നുണ്ടെന്നും വിലയിരുത്തി.

&&&&&&&&&&&&&&&&&&

## KERALA- RAJNATH

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് തിരുവനന്തപുരത്തെത്തി. ഇന്നലെ വൈകിട്ട് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയ രാജ്യരക്ഷാമന്ത്രിയെ പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ സലിൽ എം.പി, പോലീസ് IG ജി.സ്പർജൻ കുമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. സ്വകാര്യ ടെലിവിഷൻ ചാനൽ സംഘടിപ്പിക്കുന്ന ചേഞ്ച് മേക്കേഴ്സ് കോൺക്ലേവിൽ കേന്ദ്രമന്ത്രി പങ്കെടുക്കും. തിരുവനന്തപുരം നഗരത്തിൽ ഇന്ന് പകൽ 7.30 മുതൽ 11.30 വരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിൽ വരുന്നവർ മുൻകൂട്ടി യാത്ര ക്രമീകരിക്കണം.

&&&&&&&&&&&&&&&&&&

## INS ARIGHAAT COMMISSIONED

രാജ്യത്തിൻറെ രണ്ടാമത്തെ ആണവ മിസൈൽ അന്തർവാഹിനി ഐ.എൻ.എസ് അരിഘാത് ഇന്ത്യൻ നാവികസേനയിലേക്ക് കമ്മീഷൻ ചെയ്തു. വിശാഖപട്ടണത്ത് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ സാന്നിധ്യത്തിലായിരുന്നു ചടങ്ങ്. രാജ്യത്തിന്റെ ആദ്യ ആണവായുധ അന്തർവാഹിനി ഐ.എൻ.എസ് അരിഹന്തിൻറെ പരിഷ്കരിച്ച പതിപ്പാണിത്. ഇത് രാജ്യത്തിന് അഭിമാനമുഹൂർത്തമാണെന്നും പ്രതിരോധമേഖലയിൽ 'ആത്മനിർഭരത' കൈവരിക്കാനുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള സർക്കാരിന്റെ അചഞ്ചലമായ ദൃഢനിശ്ചയത്തിന്റെ തെളിവാണെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു.

ഇന്ത്യൻ നാവികസേനയെയും പ്രതിരോധ ഗവേഷണ സംഘടനയെയും വ്യവസായരംഗത്തെയും അദ്ദേഹം അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&

## COAL-RAILWAYS

കൽക്കരി ലോജിസ്റ്റിക്സ് പദ്ധതിയിൻ കീഴിൽ 38 മുൻഗണനാ റെയിൽ പദ്ധതികൾ കൽക്കരി മന്ത്രാലയം കണ്ടെത്തി. റെയിൽവേ മന്ത്രാലയവുമായി ഏകോപിപ്പിച്ച് പദ്ധതി അതിവേഗം നടപ്പാക്കും. റെയിൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുക, സമയബന്ധിതമായ കൽക്കരി വിതരണം ഉറപ്പാക്കുക, ലോജിസ്റ്റിക് ചെലവ് കുറയ്ക്കുക, രാജ്യത്തുടനീളമുള്ള കൽക്കരി ഗതാഗതത്തിന്റെ മൊത്തത്തിലുള്ള കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. ഇതുപ്രകാരം, ഒഡീഷയിലെ രണ്ട് സുപ്രധാന റെയിൽ പദ്ധതികൾക്ക് സർക്കാർ അടുത്തിടെ അംഗീകാരം നൽകി.

&&&&&&&&&&&&&&&&&&

## BJP CEC MEETING

ബി.ജെ.പി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിറ്റി യോഗം ന്യൂഡൽഹിയിലെ പാർട്ടി ആസ്ഥാനത്ത് ചേർന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, ബി.ജെ.പി അധ്യക്ഷൻ ജെ.പി നദ്ദ, പാർട്ടിയുടെ ഹരിയാന തിരഞ്ഞെടുപ്പ് ചുമതലയുള്ള കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ, മറ്റ് മുതിർന്ന പാർട്ടി നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു. വരാനിരിക്കുന്ന ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സ്ഥാനാർത്ഥികളുടെ പേര് നിശ്ചയിക്കുന്നതിനാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&&&&

## GAZA FIGHTING PAUSE- VACCINATION

ഇസ്രായേലും ഹമാസും മൂന്നു ദിവസത്തേക്ക് ഗാസയിലെ മൂന്ന് മേഖലയിൽ താത്കാലികമായി ഏറ്റുമുട്ടൽ നിർത്തിവയ്ക്കാൻ സമ്മതം അറിയിച്ചതായി ലോകാരോഗ്യ സംഘടനയുടെ മുതിർന്ന ഉദ്യോഗസ്ഥൻ അറിയിച്ചു. യുദ്ധമേഖലയിൽ കുടുങ്ങിയ 6 ലക്ഷത്തി 40,000 ത്തോളം കുട്ടികൾക്ക് പോളിയോയ്ക്കെതിരായ വാക്സിൻ നൽകുന്നതിനുവേണ്ടിയാണ് നടപടി. തുടക്കത്തിൽ മധ്യഗാസ മേഖലയിൽ മൂന്ന് ദിവസത്തെ വെടിനിർത്തൽ നിലവിൽവരും.

&&&&&&&&&&&&&&&&&&

## RAIN- KERALA

കേരളത്തിൽ മഴ തുടരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാല ക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗതയിൽ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മീൻപിടിക്കാൻ പോകരുതെന്ന് മുന്നറിയിപ്പ്. മഞ്ചേശ്വരം നദിയിലെ ജലനിരപ്പ് ഉയരുന്നതിനാൽ മുന്നറിയിപ്പ് പ്രഖ്യാപിച്ചു. നദിക്കരയിൽ താമസിക്കുന്നവർ ജാഗ്രത പുലർത്തണം.

&&&&&&&&&&&&&&&&&&

## SHE BOX

തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ ലൈംഗിക പീഡന പരാതികൾ സ്വീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള കേന്ദ്രീകൃത സംവിധാനമായ ഷീ-ബോക്സ് പോർട്ടൽ ആരംഭിച്ചു. ന്യൂഡൽഹിയിൽ കേന്ദ്രമന്ത്രി അന്നപൂർണാ ദേവി , വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&

## PARIS PARALYMPICS

പാരീസ് പാരാലിമ്പിക്സ്, മിക്സഡ് കോമ്പൗണ്ട് അമ്പെയ്ത്തിൽ ഇന്ത്യയുടെ ശീതൾ ദേവി- രാകേഷ് കുമാർ സഖ്യം പുതിയ റെക്കോർഡ് സ്ഥാപിച്ചു. 1399 പോയിന്റുമായാണ് ഇന്ത്യൻ ടീം റെക്കോഡ് സ്വന്തമാക്കിയത്. ഇരുവരും അടുത്ത മാസം രണ്ടിന് നടക്കുന്ന ക്വാർട്ടർ ഫൈനലിൽ മത്സരിക്കും. പാരീസ് പാരാലിമ്പിക്സിന്റെ രണ്ടാം ദിനമായ ഇന്ന് ഇന്ത്യൻ അത്‌ലറ്റുകൾ വിവിധ ഇനങ്ങളിൽ പങ്കെടുക്കും. ഇന്ത്യയുടെ അവനി ലേഖറയും മോന അഗർവാളും വനിതകളുടെ 10 മീറ്റർ എയർ റൈഫിൾ

യോഗ്യതാറൗണ്ടിൽ മത്സരിക്കും.

&&&&&&&&&&&&&&&&&&&

## ATHLETICS CHAMPIONSHIP

ദേശീയ ഓപ്പൺ അത്ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിൽ തുടക്കമാകും. കേരളത്തിൽ നിന്ന് 54 അംഗ ടീം ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്. 113 അംഗ ടീമുമായാണ് നിലവിലെ ചാമ്പ്യന്മാരായ റെയിൽവേസ് എത്തുന്നത്.

&&&&&&&&&&&&&&&&&&&

## HOCKEY - WOMENS ASIAN

വനിതാ ഹോക്കി ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി മത്സരങ്ങൾ നവംബർ 11 മുതൽ ബിഹാറിലെ രാജ്ഗിറിൽ ആരംഭിക്കും. ഹോക്കി ഇന്ത്യയും ബിഹാർ സർക്കാരും സംയുക്തമായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസിൽ, ഇന്ത്യൻ-ഓസ്ട്രേലിയൻ ജോഡിയായ രോഹൻ ബൊപ്പണ്ണ-മാത്യൂ എബ്ഡൻ സഖ്യം ഇന്ന് നടക്കുന്ന രണ്ടാം റൗണ്ട് മത്സരത്തിൽ കാർബല്ലെസ്-എഫ് കോറിയ സഖ്യത്തെ നേരിടും. മിക്സഡ് ഡബിൾസിൽ മൊറേവർ-രോഹൻ ബൊപ്പണ്ണ സഖ്യത്തിന്റെ മത്സരവും ഇന്നാണ്.

&&&&&&&&&&&&&&&&&&

## ED RAID-JASMEET HAKIMZADA

ദുബായ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര മയക്കുമരുന്ന് മാഫിയ ബന്ധമുള്ള ജസ്മീത് ഹക്കിംസാദയുടെ ഇന്ത്യയിലെ പ്രവർത്തനങ്ങൾ വെളിപ്പെട്ടതിനെ തുടർന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് രാജ്യത്തെ വിവിധ സ്ഥലങ്ങളിൽ തെരച്ചിൽ നടത്തി. ഡൽഹി, അമൃത്സർ, ജലന്ധർ, മുംബൈ, സോളാപൂർ, ഇൻഡോർ എന്നിവിടങ്ങളിലെ പത്ത് സ്ഥലങ്ങളിലാണ് ഇ.ഡി പരിശോധന നടത്തിയത്. ജസ്മീത് ഹക്കിംസാദയുടെയും ഭാര്യയുടെയും പേരിലുള്ള ഡൽഹിയിലെ രഹസ്യ ബാങ്ക് ലോക്കറുകളിൽ കണക്കിൽപ്പെടാത്ത സ്വർണവും, വജ്രാഭരണങ്ങളും കണ്ടെത്തി.

&&&&&&&&&&&&&&&&&&

## QUANTITY TO BUILD HOUSE

കേരളത്തിലെ നഗരങ്ങളിൽ രണ്ട് സെന്റ് വരെയുള്ള ഭൂമിയിൽ നിർമിക്കുന്ന ചെറിയ വീടുകൾക്ക് വഴിയുടെ അതിർത്തിയിൽ നിന്ന് വിടേണ്ട ഭൂമിയുടെ അളവ് ഒരു മീറ്ററായി കുറയ്ക്കും. കോർപറേഷൻ / മുനിസിപ്പൽ അതിർത്തിക്കുള്ളിൽ രണ്ട് സെന്റ് വരെയുള്ള

ഭൂമിയിൽ നിർമിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള വീടുകൾക്കാണ് ഇളവ് നൽകുക.

&&&&&&&&&&&&&&&&&&

## EZHIMALA – COMMANDAR

ഏഴിമല നാവിക അക്കാദമി കമാണ്ടന്റായി , വൈസ് അഡ്മിറൽ സി.ആർ പ്രവീൺ നായർ ചുമതലയേറ്റു. നാവിക സേനയുടെ വെസ്റ്റേൺ ഫ്ലീറ്റിൻ്റെ കമാൻഡൻ്റായിരുന്ന അദ്ദേഹം വൈസ് അഡ്മിറൽ വിനീത് മക്കാർട്ടിയുടെ പിൻഗാമിയായാണ് ചുമതലയേറ്റത്.

&&&&&&&&&&&&&&&&&&

## KARNATAKA-HC REJECTS CBI PLEA

കർണാടക ഉപമുഖ്യമന്ത്രി ഡി.കെ.ശിവകുമാറിനെതിരായ അനധികൃത സ്വത്ത് സമ്പാദനക്കേസ് അന്വേഷിക്കുന്നതിനുള്ള അനുമതി പിൻവലിക്കാനുള്ള സംസ്ഥാന സർക്കാർ ഉത്തരവിനെ ചോദ്യം ചെയ്യുള്ള സി.ബി.ഐ യുടെ ഹർജി കർണാടക ഹൈക്കോടതി ഡിവിഷൻ ബെഞ്ച് തള്ളി. സി.ബി.ഐ ഹർജി സുപ്രീം കോടതിയാണ് പരിഗണിക്കേണ്ടതെന്നും ബെഞ്ച് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## EDU MIN. MEETING

സ്കൂളുകളിലെ പഠന മാധ്യമം, ബഹുഭാഷ പഠനം, പ്രാദേശിക ഇന്ത്യൻ ഭാഷകളിൽ പഠിക്കേണ്ടതിൻ്റെ പ്രാധാന്യം എന്നിവ ചർച്ച ചെയ്യാൻ വിദ്യാഭ്യാസ മന്ത്രാലയം ന്യൂഡൽഹിയിൽ യോഗം ചേർന്നു. ബഹുഭാഷാ പഠനം ആശയവിനിമയം ശക്തമാക്കാൻ സഹായിക്കും. ചെറിയ കുട്ടികൾ അവരുടെ മാതൃഭാഷയിൽ ആശയങ്ങൾ വേഗത്തിൽ പഠിക്കുകയും

ഗ്രഹിക്കുകയും ചെയ്യുന്നുവെന്ന് മന്ത്രാലയം പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&